**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1233

10.08.2017- ൽ
മറുപടിയ്ക്ക്

## <u>ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ</u>

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മലപ്പുറം പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 30 സെന്റ് ഭൂമി സിവിൽ സ്റ്റേഷൻ വളപ്പിൽ പതിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ;<br><br>(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ റവന്യൂ വകുപ്പിൽ നിലവിലുള്ള 64171/എൽ2/2011 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;<br><br>(സി) മലപ്പുറം ജില്ലാ പി.എസ്.സി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ? | (എ)<br>(ബി)<br>&<br>(സി) | മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ റീ.സർവ്വെ നമ്പർ 430/1 എ 3 എ 1-ൽപ്പെട്ട 30 സെന്റ് സ്ഥലം ജില്ലാ പി.എസ്.സി ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി, നിർദ്ദിഷ്ട ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉപയോഗാനുമതി നൽകി 21.07.2017 ലെ സ.ഉ (കൈ) നം. 246/17/റവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ-മലപ്പുറം ജില്ല- മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ റീ.സർവ്വെ നം.430/1 എ 3 എ 1 ൽ പ്പെട്ട 30 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് മലപ്പുറം ജില്ലാ പി.എസ്.സി ഓഫീസ് നിർമ്മിക്കുന്നതിനായി ഉപയോഗാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ .(കൈ) നമ്പർ. **246/2017/റവ**

തീയതി, തിരുവനന്തപുരം, **21/07/2017**

---

പരാമർശം:- 1) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 31.12.2012-ലെ എസ്റ്റാ.I(4)38299/10/ഗ.വി നമ്പർ കത്ത്.

2) മലപ്പുറം ജില്ലാ കളക്ടറുടെ 17.04.2015 ലെ സി2-20081/08 നമ്പർ കത്ത്.

3) ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.06.2015-ലെ എൽ.ആർ.ജെ5-39292/11 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ റീ.സർവ്വെ നം.430/1 എ 3 എ 1 ൽ പ്പെട്ട 30 സെന്റ് ഭൂമി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് മലപ്പുറം ജില്ലാ പി.എസ്.സി ഓഫീസ് നിർമ്മാണത്തിനായി അനുവദിക്കുന്നതിന് ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിരുന്നു.

2) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ റീ.സർവ്വെ നം.430/1 എ 3 എ 1 ൽ പ്പെട്ടതും മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൌണ്ടിൽ ഉൾപ്പെട്ടതുമായ 30 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമിയാണ് കേരള പി.എസ്.സി. ജില്ലാ ഓഫീസ് നിർമ്മിക്കുവാൻ വേണ്ടി കണ്ടെത്തിയിരിക്കുന്നത് എന്നും കൈമാറാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ആകെ കമ്പോളവില 64,63,020/- (അറുപത്തിനാല് ലക്ഷത്തി അറുപത്തിമൂവായിരത്തി ഇരുപതു രൂപ മാത്രം) രൂപയാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഒരു സേവന വകുപ്പ് അല്ലാത്തതിനാൽ ഭൂമി കൈമാറ്റം വഴി ഭൂമി അനുവദിക്കാൻ കഴിയില്ലെന്നും എന്നാൽ നിയമ പ്രകാരം പതിച്ചു നൽകാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു. എന്നാൽ ഭരണഘടനാ സ്ഥാപനമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ഭൂമി കൈമാറുന്നതിനായിട്ടാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ റീ.സർവ്വെ നം. 430/1 എ 3 എ 1ൽ പ്പെട്ട 30 സെന്റ് സ്ഥലം ജില്ലാ പി.എസ്.സി ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി, നിർദ്ദിഷ്ട ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.

ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii. ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടില്ല;

iv. ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;

v. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

vi. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4) ഇക്കാര്യത്തിലുള്ള നിയമാനുസൃതമായ തുടർനടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം (ബന്ധപ്പെട്ട റിക്കോർഡുകൾ സഹിതം)

ധനകാര്യ (Exp A) വകുപ്പ് (25.05.2017 ലെ E.423185) Exp-A2/128/17-Fin പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (19.07.2017 ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 1241)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ